# മിച്ചത്തിന്റെ കണക്ക് ശേഖരിച്ച് അഖണ്ഡ മഹാദാനിയാകൂ

ഇന്ന് നവയുഗ രചയിതാവ് തന്റെ നവയുഗ അധികാരി മക്കളെ കാണുകയാണ്. ഇന്ന് പഴയ യുഗത്തിൽ സാധാരണരാണ്. നാളെ പുതിയ യുഗത്തിൽ രാജ്യ അധികാരി പൂജ്യരാണ്. ഇന്നിന്റെയും നാളെയുടെയും കളിയാണ്. ഇന്നെന്താ നാളെയെന്താ! ആരാണോ അനന്യ ജ്ഞാനിതു ആത്മാ കുട്ടികൾ അവർക്കു മുന്നിൽ വരാനിരിക്കുന്ന നാളെകൾ ഇത്രയും സ്പഷ്ടമാണ് എത്രത്തോളം ഇന്നുകൾ സ്പഷ്ടമാണോ. താങ്കളെല്ലാവരും പുതുവർഷം ആഘോഷിക്കുവാൻ വന്നിരിക്കുകയാണല്ലോ എന്നാൽ ബാപ്ദാദ പുതുയുഗമാണ് കാണുന്നത്. പുതുവർഷത്തിൽ ഓരോരുത്തരും തന്റെ സ്വന്തം പുതിയ പ്ലാൻ ഉണ്ടാക്കിയിട്ടുണ്ടാവും. ഇന്ന് പഴയതിന്റെ സമാപ്തിയാണ്, സമാപ്തിയിൽ മുഴുവൻ വർഷത്തിന്റെയും റിസൽറ്റ് നോക്കാറുണ്ട്. അപ്പോൾ ഇന്ന് ബാപ്ദാദയും ഓരോ കുട്ടികളുടെയും വർഷത്തിന്റെ റിസൽറ്റ് നോക്കി. ബാപ്ദാദയ്ക്ക് നോക്കാൻ സമയമെടുക്കുകയില്ല. അപ്പോൾ ഇന്ന് വിശേഷിച്ച് എല്ലാ കുട്ടികളുടെയും ശേഖരണത്തിന്റെ കണക്ക് നോക്കി. പുരുഷാർഥമാണെങ്കിൽ എല്ലാ കുട്ടികളും ചെയ്തു, ഓർമയിലുമിരുന്നു, സേവനവും ചെയ്തു, സംബന്ധ സമ്പർക്കത്തിലും ലൗകികമോ അലൗകികമോ പരിവാരത്തിൽ നിറവേറ്റി. എന്നാൽ ഈ മൂന്നു കാര്യങ്ങളിലും ശേഖരണത്തിന്റെ കണക്ക് എത്രയായി?

ഇന്ന് വതനത്തിൽ ബാപ്ദാദ ജഗദംബ മാതാവിനെ എമർജ് ചെയ്തു. (ചുമ വന്നു) ഇന്ന് ഉപകരണം കുറച്ച് കേടാണ്, ഉപയോഗിക്കണമല്ലോ. അപ്പോൾ ബാപ്ദാദയും മമ്മയും ചേർന്ന് എല്ലാവരുടെയും മിച്ചക്കണക്ക് നോക്കി. മിച്ചപ്പെടുത്തി ശേഖരണം എത്രയുണ്ടായി! അപ്പോൾ എന്തു കണ്ടു? യഥാക്രമമാണ് എല്ലാവരും, എന്നാൽ എത്രത്തോളം ശേഖരണത്തിന്റെ കണക്ക് വേണമോ അത്രയും കണക്കിൽ ശേഖരണം കുറവായിരുന്നു. അപ്പോൾ ജഗദംബ മാതാവ് ചോദ്യം ചോദിച്ചു ഓർമയുടെ വിഷയത്തിൽ പല കുട്ടികളുടെയും ലക്ഷ്യവും നല്ലതാണ്, പുരുഷാർഥവും നല്ലതാണ്, പിന്നെ ശേഖരണത്തിന്റെ കണക്കിൽ എത്ര വേണമോ അത്ര കുറഞ്ഞത് എന്തുകൊണ്ട്? പ്രശ്നങ്ങൾ, ആത്മീയ സംഭാഷണം പോകെപ്പോകെ ഇതാണ് റിസൽറ്റ് പുറത്തുവന്നത്. യോഗത്തിന്റെ അഭ്യാസം ചെയ്തു കൊണ്ടിരിക്കുകയാണ് എന്നാൽ യോഗത്തിന്റെ അവസ്ഥയുടെ ശതമാനം സാധാരണമായതിനാൽ ശേഖരണത്തിന്റെ കണക്ക് സാധാരണം തന്നെയാണ്. യോഗത്തിന്റെ ലക്ഷ്യം നന്നായിട്ടുണ്ട് എന്നാൽ യോഗത്തിന്റെ റിസൽറ്റാണ് യോഗയുക്ത, യുക്തിയുക്ത സംസാരവും പെരുമാറ്റവും. അതിൽ കുറവുണ്ടാകുന്ന കാരണത്താൽ യോഗം വെക്കുന്ന സമയത്ത് യോഗത്തിൽ നല്ലതാണ്, എന്നാൽ യോഗി അർഥം യോഗിയുടെ ജീവിതത്തിൽ പ്രഭാവം, അതിനാൽ ശേഖരണത്തിന്റെ കണക്ക് ഏതെങ്കിലുമേതെങ്കിലും സമയത്തിന്റെ ശേഖരണമാകുന്നു, എന്നാൽ മുഴുവൻ സമയം ശേഖരണമാകുന്നില്ല. പോകെപ്പോകെ ഓർമയുടെ ശതമാനം സാധാരണമായി പോകുന്നു. അതിൽ വളരെ കുറച്ച് സമ്പാദ്യത്തിന്റെ ശേഖരണമുണ്ടാകുന്നു.

രണ്ടാമത് സേവനത്തിന്റെ ആത്മീയസംഭാഷണം നടന്നു. സേവനമാണെങ്കിൽ ധാരാളം ചെയ്യുന്നു, രാത്രിയും പകലും ബിസിയായും ഇരിക്കുന്നു. പദ്ധതിയാണെങ്കിൽ വളരെ നല്ല നല്ലതായി ഉണ്ടാക്കുന്നു. സേവനത്തിൽ അഭിവൃദ്ധിയും വളരെ നന്നായി ഉണ്ടാകുന്നു. പിന്നെയും ഭൂരിപക്ഷത്തിന്റെ സമ്പാദ്യത്തിന്റെ ശേഖരണം കുറവ് എന്തുകൊണ്ട്? അപ്പോൾ ആത്മീയ സംഭാഷണത്തിൽ ഇത് പുറത്തുവന്നു സേവനം എല്ലാവരും ചെയ്യുന്നു, അവനവനെ ബിസിയാക്കാനുള്ള പുരുഷാർഥവും നന്നായി ചെയ്തു കൊണ്ടിരിക്കുന്നു. പിന്നെ കാരണമെന്താണ്? അപ്പോൾ കാരണം ഇതാണ് പുറത്തുവന്നത് സേവനത്തിന്റെ ബലവും ലഭിക്കുന്നു, ഫലവും ലഭിക്കുന്നു. ബലമാണ് സ്വന്തം ഹൃദയത്തിന്റെ സന്തുഷ്ടത, ഫലമാണ് സർവരുടെയും സന്തുഷ്ടത. അഥവാ സേവനം ചെയ്തു, പരിശ്രമവും സമയവും ചെലവാക്കി എങ്കിൽ ഹൃദയത്തിന്റെ സന്തുഷ്ടതയും സർവരുടെ സന്തുഷ്ടതയും, കൂട്ടുകാരാകട്ടെ, ആർക്ക് ചെയ്തുവോ, സേവനത്തിന്റെ ഹൃദയ സന്തുഷ്ടത അനുഭവം ചെയ്ത് വളരെ നല്ലത്, വളരെ നല്ലത് പറഞ്ഞ് പോയി, അല്ല. ഹൃദയത്തിൽ സന്തുഷ്ടതയുടെ അലകൾ അനുഭവമാകണം. കുറച്ചു ലഭിച്ചു, വളരെ നല്ലത് എന്നു കേട്ടു, ഇത് വേറെ കാര്യമാണ്. കുറച്ച് ലഭിച്ചു, കുറച്ച് നേടി, എന്തിനെയാണോ ബാപ്ദാദ ആദ്യമേ പറഞ്ഞത് ഒന്നുണ്ട് ബുദ്ധി വരേക്കും അമ്പേൽക്കുക, മറ്റൊന്ന് ഹൃദയത്തിൽ അമ്പേൽക്കുക. അഥവാ സേവനത്തിന്റെയും സ്വയത്തിന്റെയും സന്തുഷ്ടത, അവനവനെ സന്തോഷിപ്പിക്കാനുള്ള സന്തുഷ്ടതയല്ല, വളരെ നന്നായി, വളരെ നന്നായി, അല്ല. ഹൃദയം അംഗീകരിച്ചു സ്വയത്തിന്റെയും സർവരുടെയും. മറ്റൊരു കാര്യമാണ് സേവനം ചെയ്തു, അതിന്റെ റിസൽറ്റ് സ്വന്തം പരിശ്രമം അഥവാ ഞാൻ ചെയ്തു... ഞാൻ ചെയ്തു എന്ന് സ്വീകരിച്ചു അർഥം സേവനത്തിന്റെ ഫലം കഴിച്ചു. ശേഖരണമായില്ല. ബാപ്ദാദ ചെയ്യിച്ചു, ബാപ്ദാദയുടെ നേർക്ക് ശ്രദ്ധ നൽകി, സ്വന്തം ആത്മാവിന്റെ നേർക്കല്ല. ഈ സഹോദരി വളരെ നല്ലതാണ്, ഈ സഹോദരൻ വളരെ നല്ലതാണ്, അല്ല. ബാപ്ദാദാ ഇവർക്ക് വളരെ നല്ലത് ഈ അനുഭവം ചെയ്യിക്കണം ഇതാണ് സമ്പാ

ദ്യത്തിന്റെ ശേഖരണം വർദ്ധിപ്പിക്കുക അതിനാൽ കണ്ടിട്ടുണ്ട് ആകെ റിസൾട്ടിൽ പരിശ്രമം കൂടുതൽ, സമയവും ഊർജ്ജവും കൂടുതൽ, കുറേശ്ശെ ഷോ കൂടുതലാണ്, അതിനാൽ സമ്പാദ്യത്തിന്റെ ശേഖരണം കുറഞ്ഞുപോകുന്നു സമ്പാദ്യത്തിന്റെ ശേഖരണത്തിന്റെ ചാവി വളരെ സഹജമാണ് ഇത് വജ്രത്താക്കോലാണ്. സ്വർണ്ണ താക്കോൽ ഇടുന്നു, എന്നാൽ സമ്പാദ്യത്തിന്റെ വജ്രത്താക്കോലാണ് നിമിത്ത ഭാവവും വിനയഭാവവും. അഥവാ ഓരോ ആത്മാവിനെയും പ്രതി കൂട്ടുകാർ ആവട്ടെ, ഏത് ആത്മാവിന്റെ സേവനം ചെയ്യുന്നു അവരാകട്ടെ രണ്ടിലും സേവനത്തിന്റെ സമയത്ത് മുന്നോട്ടും പിന്നോട്ടും അല്ല, സേവനം ചെയ്യുന്ന സമയം നിമിത്ത ഭാവം, വിനയഭാവം, നിസ്വാർത്ഥ ശുഭഭാവനയും ശുഭ സ്നേഹവും പ്രത്യക്ഷമാകുന്നുവെങ്കിൽ സമ്പാദ്യത്തിന്റെ ശേഖരണം വർധിച്ചു കൊണ്ടിരിക്കും.

ബാപ്ദാദ ജഗദമ്പ അമ്മയെ കാണിച്ചു ഈ വിധിയിലൂടെ സേവനം ചെയ്യുന്നവരുടെ സമ്പാദ്യത്തിന്റെ ശേഖരണം എങ്ങനെ വർദ്ധിച്ചു കൊണ്ടിരിക്കുന്നു. സെക്കൻഡിൽ അനേകം മണിക്കൂറുകളുടെ സമ്പാദ്യത്തിന്റെ ശേഖരണം ശേഖരിക്കപ്പെടുന്നു. ടിക് ടിക് അടിക്കുമ്പോൾ വേഗം വേഗം വേഗം ചെയ്യുന്ന മെഷീൻ പോലെ. അപ്പോൾ ജഗദംബ വളരെ സന്തുഷ്ടയായിരുന്നു സമ്പാദ്യത്തിന്റെ ശേഖരണം ശേഖരിക്കുക വളരെ സഹജമാണ് എന്നതുകൊണ്ട്. അപ്പോൾ രണ്ടുപേരുടെയും (ബാപ്ദാദയുടെയും ജഗദംബയുടെയും ) നിർദ്ദേശമാണ് ഇപ്പോൾ പുതിയ വർഷം ആരംഭിക്കുകയാണ് അതിനാൽ സമ്പാദ്യത്തിന്റെ ശേഖരണം പരിശോധിക്കും മുഴുവൻ ദിവസത്തിൽ തെറ്റ് ചെയ്തില്ല എന്നാൽ സമയം, സങ്കല്പം,സേവനം, സംബന്ധ സമ്പർക്കത്തിൽ സ്നേഹം, സന്തുഷ്ടതയിലൂടെ എത്ര ശേഖരണം നടത്തി? പല കുട്ടികളും കേവലം ഇത് പരിശോധിക്കുന്നു . ഇന്ന് മോശമായതൊന്നും ചെയ്തില്ലല്ലോ. ആർക്കും ദു:ഖം നൽകിയില്ലല്ലോ. എന്നാൽ ഇനി ഇത് പരിശോധിക്കൂ മുഴുവൻ ദിവസത്തിൽ ശ്രേഷ്ഠ സങ്കല്പങ്ങളുടെ സമ്പാദ്യം എത്ര ശേഖരിച്ചു? ശ്രേഷ്ഠ സങ്കൽപ്പത്തിലൂടെ സേവനത്തിന്റെ സമ്പാദ്യം എത്ര സമ്പാദിച്ചു? എത്ര ആത്മാക്കൾക്ക് ഏതെങ്കിലും കാര്യത്തിലൂടെ സുഖം നൽകി? യോഗം ചെയ്തു എന്നാൽ യോഗത്തിന്റെ ശതമാനം ഏത് പ്രകാരത്തിൽ ആയിരുന്നു? ഇന്നത്തെ ദിവസം ആശിർവാദങ്ങളുടെ സമ്പാദ്യം എത്ര ശേഖരിച്ചു?

ഈ പുതിയ വർഷത്തിൽ എന്ത് ചെയ്യണം? എന്ത് ചെയ്തുകൊണ്ടും മനസാ വാചാ കർമണാ ആകട്ടെ എന്നാൽ സമയാനുസരണം മനസ്സിൽ ഈ ധ്വനി മുഴങ്ങണം എനിക്ക് അഖണ്ഡ മഹാദാനി ആകുക തന്നെ വേണം. അഖണ്ഡ മഹാദാനി, മഹാദാനി അല്ല അഖണ്ഡം. മനസ്സിലൂടെ ശക്തികളുടെ ദാനം, വാക്കുകളിലൂടെ ജ്ഞാനത്തിന്റെ ദാനം, സ്വന്തം കർമ്മത്തിലൂടെ ഗുണദാനം. ഇന്നത്തെ കാലത്ത് ലോകത്ത് ബ്രാഹ്മണ പരിവാരത്തിന്റെ ലോകമാകട്ടെ, അജ്ഞാനികളുടെ ലോകത്തിൽ ആകട്ടെ കേൾക്കുന്നതിന് പകരം കാണുവാൻ ആഗ്രഹിക്കുന്നു. കണ്ടിട്ട് ചെയ്യുവാൻ ആഗ്രഹിക്കുന്നു. താങ്കൾക്ക് എന്തുകൊണ്ട് സഹജമായി? ബ്രഹ്മാബാബയെ കർമ്മത്തിൽ ഗുണദാന മൂർത്തിയായി കണ്ടു. ജ്ഞാനദാനം ചെയ്യുന്നുണ്ട്, എന്നാൽ ഈ വർഷത്തിന്റെ വിശേഷ ശ്രദ്ധ വെക്കൂ ഓരോ ആത്മാവിനും ഗുണദാനം അതായത് തന്റെ ജീവിതത്തിന്റെ ഗുണങ്ങളിലൂടെ സഹയോഗം നൽകണം. ബ്രാഹ്മണർക്ക് ദാനം ചെയ്യുകയില്ലല്ലോ സഹയോഗം നൽകൂ. എന്തുതന്നെ സംഭവിച്ചാലും, എത്ര തന്നെ അവഗുണധാരി ആയാലും പക്ഷേ എനിക്ക് സ്വന്തം ജീവിതത്തിലൂടെ, കർമ്മങ്ങളിലൂടെ, സമ്പർക്കത്തിലൂടെ ഗുണദാനം അതായത് സഹയോഗി ആകണം. ഇതിൽ മറ്റുള്ളവരെ നോക്കേണ്ട ഇവർ ചെയ്യുന്നില്ല എങ്കിൽ ഞാൻ എങ്ങനെ ചെയ്യും, ഇവരും ഇങ്ങനെയാണ്. ബ്രഹ്മാബാബ കേവലം ശിവ ബാബയെ നോക്കി. താങ്കൾ കുട്ടികൾക്ക് അഥവാ നോക്കണമെങ്കിൽ ബ്രഹ്മാ ബാബയെ നോക്കൂ. ഇതിൽ മറ്റുള്ളവരെ നോക്കാതെ ഈ ലക്ഷ്യം വെക്കൂ ബ്രഹ്മാ ബാബയുടെ സ്ലോഗൻ ആയിരുന്നത് പോലെ ആരു ചെയ്യുന്നുവോ അവർ അർജുനൻ. അതായത് ആര് സ്വയത്തെ നിമിത്തമാക്കുന്നുവോ അവർ നമ്പർവൺ അർജുനൻ ആയി മാറും. ബ്രഹ്മാ ബാബ നമ്പർ വൺ അർജുനൻ ആയി .അഥവാ മറ്റുള്ളവരെ നോക്കി ചെയ്യും എങ്കിൽ നമ്പർ വൺ ആവുകയില്ല, യഥാക്രമം ആകും. നമ്പർ വൺ ആവുകയില്ല. കൈ ഉയർത്തുന്നുവെങ്കിൽ എല്ലാവരും യഥാക്രമം ആകാൻ കൈ ഉയർത്തുമോ നമ്പർവണ്ണിന് ഉയർത്തുമോ? അപ്പോൾ എന്ത് ലക്ഷ്യം വെക്കും? അഖണ്ഡ ഗുണദാനി, അചഞ്ചലം ആര് തന്നെ ഇളക്കിയാലും ഇളകരുത്. ഓരോരുത്തരും പരസ്പരം പറയുന്നു  എല്ലാവരും ഇങ്ങനെയാണ്, നിങ്ങൾ ഇങ്ങനെ എന്തിന് സ്വയം പ്രഹരിക്കുന്നു, നിങ്ങളും ചേരു. ദുർബലമാക്കുന്നവരായ കൂട്ടുകാരെ ധാരാളം ലഭിക്കുന്നു. എന്നാൽ ബാപ്ദാദയ്ക്ക് വേണം ധൈര്യവും ഉണർവും വർദ്ധിപ്പിക്കുന്ന കൂട്ടുകാർ. അപ്പോൾ മനസ്സിലായോ എന്ത് ചെയ്യണം? സേവനം ചെയ്യൂ പക്ഷേ സമ്പാദ്യത്തിന്റെ ശേഖരണം വർദ്ധിപ്പിച്ചു കൊണ്ട് ചെയ്യു. നിറയെ സേവനം ചെയ്യു,  ആദ്യം സ്വയത്തിന്റെ സേവനം പിന്നെ സർവരുടെ സേവനം പിന്നെയും ഒരു കാര്യം കൂടി ബാപ്ദാദ നോട്ട് ചെയ്തു, പറയട്ടെ?

ഇന്ന് ചന്ദ്രനെയും സൂര്യനെയും മിലനമായിരുന്നില്ലേ. അപ്പോൾ ജഗദംബ മാതാവ് പറഞ്ഞു അഡ്വാൻസ് പാർട്ടി ഏതുവരേക്കും കാത്തിരിക്കണം? എന്തെന്നാൽ എപ്പോഴാണോ താങ്കൾ അഡ്വാൻസ് സ്റ്റേജിൽ പോകുന്നത് അപ്പോൾ അഡ്വാൻസ് പാർട്ടിയുടെ കാര്യം പൂർത്തിയാകും. അതിനാൽ ജഗദംബ മാതാവ് ഇന്ന് വളരെ പതുക്കെ, നല്ല രീതിയിലൂടെ ഒരു കാര്യം കേൾപ്പിച്ചു, അതേതൊരു കാര്യമാണ് പറഞ്ഞത്? ബാ

പ്ദാദയ്ക്ക് അറിയാം എന്നാലും ഇന്ന് ആത്മീയ സംഭാഷണം ആയിരുന്നില്ലേ. അപ്പോൾ എന്തു പറഞ്ഞു ഞാനും ചുറ്റിക്കറങ്ങുന്നുണ്ട്, മധുബനിലും കറങ്ങുന്നുണ്ട് സെന്ററുകളിലും. അപ്പോൾ ചിരിച്ചു ചിരിച്ച് ആര് ജഗദംബയെ കണ്ടിട്ടുണ്ടോ അവർക്കറിയാം ചിരിയോടെ സൂചനകളാൽ സംസാരിക്കും, നേരെ പറയുകയില്ല. അപ്പോൾ പറഞ്ഞു ഇന്നത്തെ കാലത്ത് ഈ വിശേഷത കാണപ്പെടുന്നുണ്ട്, ഏതൊരു വിശേഷത? അപ്പോൾ പറഞ്ഞു ഇന്നത്തെ കാലത്ത് ആലസ്യം പലതരത്തിൽ വന്നിട്ടുണ്ട്. ചിലരുടെ ഉള്ളിൽ ഒരു തരത്തിലുള്ള ആലസ്യം, ചിലരുടെ ഉള്ളിൽ മറ്റുതരത്തിലുള്ള ആലസ്യം ആണ്. നടന്നോളും, ചെയ്തേക്കാം .... മറ്റുള്ളവരും ചെയ്തു കൊണ്ടിരിക്കുന്നുണ്ടല്ലോ, ഞാനും ചെയ്യും... ഇതൊക്കെ നടക്കുന്നത് തന്നെയാണ്, നടക്കുന്നതൊക്കെയുണ്ട്... ഈ ഭാഷ ആലസ്യത്തിന്റെ സങ്കല്പത്തിൽ ഉള്ളതു തന്നെ, എന്നാൽ സംസാരത്തിലും ഉണ്ട്. അപ്പോൾ ബാപ്ദാദ പറഞ്ഞു ഇതിനായി പുതിയ വർഷത്തിൽ താങ്കൾ എന്തെങ്കിലും യുക്തി കുട്ടികൾക്ക് കേൾപ്പിക്കു. അപ്പോൾ താങ്കൾ എല്ലാവർക്കും അറിയാം ജഗദംബ മാതാവിന്റെ സദാ ധാരണയുടെ ഒരു സ്ലോഗനായിരുന്നു ഓർമ്മയുണ്ടോ? ആർക്കു ഓർമ്മയുണ്ട്? (ആജ്ഞയിൽ അനുസരണയോടെ നടത്തിച്ചു കൊണ്ടിരിക്കുന്നു..) അപ്പോൾ ജഗദ്അംബ പറഞ്ഞു അഥവാ ഈ ധാരണ എല്ലാവരും ചെയ്യുന്നു അതായത് എന്നെ ബാപ്ദാദ നടത്തിച്ചു കൊണ്ടിരിക്കുകയാണ്, ആ ആത്മീയയിലൂടെ ഒരു ചുവടും നടത്തുകയാണ്. അഥവാ എസ്മൃതി ഉണ്ടായി എങ്കിൽ എന്നെ നടത്തിക്കുന്നയാൾ നേരിട്ട് ബാബയാണ്. അപ്പോൾ എവിടേക്ക് ദൃഷ്ടി പോകും? നടക്കുന്നയാൾക്ക് നടത്തിക്കുന്ന ആളിലേക്ക് തന്നെ ദൃഷ്ടി പോകും, മറ്റാരിലേക്കുമല്ല. അപ്പോൾ ഈ ജീവിക്കുന്നയാൾ നിമിത്തമാക്കി ചെയ്യിച്ചു കൊണ്ടിരിക്കുന്നു നടത്തിക്കുന്നു, ഉത്തരവാദി ചെയ്യിക്കുന്ന ആളാണ്. പിന്നെ സേവനത്തിൽ എന്ത് തലയിട്ടുടക്കേണ്ടി വന്നാലും അവർ ഭാരരഹിതരായിരിക്കും ആത്മീയ റോസാ പുഷ്പം പോലെ. മനസ്സിലായോ എന്തു ചെയ്യണം ? അഖണ്ഡ മഹാദാനി, ശരി.

പുതിയ വർഷം ആഘോഷിക്കുന്നതിനുവേണ്ടി എല്ലാവരും ഓടിയോടി എത്തിച്ചേർന്നിരിക്കുന്നു. നല്ലതാണ് ഹൗസ് ഫുൾ ആയിരിക്കുന്നു. നല്ല വെള്ളം ലഭിക്കുന്നുണ്ടല്ലോ! കിട്ടിയോ വെള്ളം? എന്നാലും വെള്ളത്തിന്റെ പരിശ്രമം ചെയ്യുന്നവർക്ക് ആശംസകൾ. ഇത്രയും ആയിരങ്ങൾക്ക് വെള്ളം എത്തിക്കുക, രണ്ടോ നാലോ പാത്രം ഒന്നുമല്ലല്ലോ. ശരി. നാളെ മുതൽ രസകരമായ മേള ഉണ്ടാകും. എല്ലാവരും വിശ്രമത്തോടെ കഴിയൂ! കുറച്ച് കൊടുങ്കാറ്റിന്റെ പരീക്ഷ എന്തായി കുറേശ്ശെ കാറ്റുണ്ടായി എല്ലാവരും സുഖമായിരിക്കുന്നോ? പാണ്ഡവർ സുഖമായിരിക്കുന്നുവോ? നല്ലത്, കുംഭമേളയെക്കാളും ഭേദമാണല്ലോ! ശരി മൂന്നടി മണ്ണ് ലഭിച്ചില്ലേ. കിടക്ക കിട്ടിയില്ല എന്നാൽ മൂന്നടി മണ്ണ് കിട്ടിയല്ലോ!

അപ്പോൾ പുതിയ വർഷത്തിൽ നാനാഭാഗത്തെയും കുട്ടികളും, വിദേശത്തും ദേശത്തും പുതിയ വർഷത്തിന്റെ ആഘോഷം ബുദ്ധിയിലൂടെ കാണുകയാണ്, കാതുകളിലൂടെ കേട്ടുകൊണ്ടിരിക്കുകയാണ്. മധുബനിലും കണ്ടുകൊണ്ടിരിക്കുകയാണ്. മധുബൻ കാരും യജ്ഞ രക്ഷകരായി സേവനത്തിന്റെ പാർട്ട് അഭിനയിച്ചു, വളരെ നല്ലത്. ബാപ്ദാദ വിദേശത്തും ദേശത്തിലുള്ളവർക്കും ഒപ്പം മധുബൻ വാസികൾക്കും ആരാണോ സേവനത്തിന് നിമിത്തം അവർക്കും കൂടി ആശംസകൾ നൽകുകയാണ്. ശരി ബാക്കി കാർഡുകൾ ധാരാളം വന്നിട്ടുണ്ട്. താങ്കൾ എല്ലാവരും കാണുന്നില്ലേ ഒരുപാട് കാർഡ് വന്നിട്ടുണ്ട്. കാർഡ് വലിയൊരു കാര്യമല്ല എന്നാൽ ഇതിൽ അടിച്ചിട്ടുള്ളത് ഹൃദയത്തിന്റെ സ്നേഹമാണ്. അപ്പോൾ ബാപ്ദാദ കാർഡിന്റെ ശോഭയല്ല കാണുന്നത് എന്നാൽ എത്ര സൂക്ഷ്മമായ ഹൃദയത്തിന്റെ സ്നേഹം അടങ്ങിയിട്ടുണ്ട്, അപ്പോൾ എല്ലാവരും അവരവരുടെ ഹൃദയത്തിന്റെ സ്നേഹം അയച്ചിരിക്കുന്നു. അപ്പോൾ ഇങ്ങനെയുള്ള സ്നേഹി ആത്മാക്കൾക്ക് വിശേഷിച്ച് ഓരോരുത്തരുടെയും പേര് എടുക്കുന്നില്ല! എന്നാൽ ബാപ്ദാദ കാർഡിന് പകരം ഇങ്ങനെയുള്ള കുട്ടികൾക്ക് സ്നേഹം നിറഞ്ഞ ആശംസകൾ നൽകുകയാണ്. ഓർമ്മ പത്രിക, ടെലിഫോൺ, കമ്പ്യൂട്ടർ, ഈമെയിൽ, എന്തെല്ലാം സാധനങ്ങൾ ഉണ്ടോ എല്ലാ സാധനങ്ങളിലും മുമ്പ് സങ്കൽപ്പത്തിലൂടെയാണ് ബാപ്ദാദയുടെ അടുക്കൽ എത്തിച്ചേരുന്നത്. പിന്നെയാണ് താങ്കളുടെ കമ്പ്യൂട്ടറും ഇമെയിലും വരുന്നത്. കുട്ടികളുടെ സ്നേഹം ബാപ്ദാദയുടെ അടുക്കൽ ഒരോ സമയത്തും എത്തിച്ചേരുന്നുണ്ട്. എന്നാൽ ഇന്ന് വിശേഷിച്ച് പലരും പുതുവർഷത്തിന്റെ പ്ലാനും എഴുതിയിട്ടുണ്ട്, പ്രതിജ്ഞകളും ചെയ്തിട്ടുണ്ട്, കഴിഞ്ഞതിന് വിരാമം ഇട്ട് മുന്നേറുവാനുള്ള ധൈര്യവും വെച്ചിട്ടുണ്ട്. ബാപ്ദാദ എല്ലാവരോടും പറയുകയാണ് വളരെ വളരെ സബാഷ് കുട്ടികളെ സബാഷ്.

താങ്കൾ എല്ലാവരും സന്തോഷിക്കുകയല്ലേ! അപ്പോൾ അവരും സന്തോഷിക്കുകയാണ്. ഇപ്പോൾ ബാപ്ദാദയ്ക്ക് ഇതാണ് ഹൃദയത്തിന്റെ ആശ ദാതാവിന്റെ മക്കൾ ഓരോരുത്തരും ദാതാവ് ആകൂ. യാചിക്കരുത് ഇത് വേണം, ഇത് നടക്കണം, ഇത് ചെയ്യണം. ദാതാവ് ആകു. മറ്റുള്ളവരെ മുന്നിൽ വയ്ക്കുന്നതിന് ഉദാരഹൃദയരാകൂ. ബാപ്ദാദയോട് ചെറിയവർ പറയുന്നു ഞങ്ങൾക്ക് വലിയവരുടെ സ്നേഹം വേണം. ബാപ്ദാദ ചെറിയവരോട് പറയുന്ന വലിയവരോട് ബഹുമാനം വെക്കു, എങ്കിൽ സ്നേഹം ലഭിക്കും. ബഹുമാനം നൽകുക തന്നെയാണ് ബഹുമാനം എടുക്കുക. ബഹുമാനം ഇങ്ങനെയല്ല ലഭിക്കുക. നൽകലാണ് എടുക്കൽ. താങ്കളുടെ ജഡ ചിത്രം നൽകുന്നതുപോലെ, ദേവതയുടെ അർത്ഥം തന്നെ നൽകുന്നയാൾ എ

ന്നാണ്. ദേവിയുടെ അർത്ഥമാണ് നൽകുന്നവൾ. അപ്പോൾ താങ്കൾ ചൈതന്യ ദേവി ദേവതമാർ ദാതാവാകു, നൽകൂ. അഥവാ എല്ലാവരും നൽകുന്ന ദാതാവാകുമെങ്കിൽ എടുക്കുന്നവരേ ഇല്ലാതായല്ലോ! പിന്നെ നാനാഭാഗത്തും സന്തുഷ്ടതയുടെ ആത്മീയ റോസാ പുഷ്പത്തിന്റെ സുഗന്ധം പരന്നോളും. കേട്ടോ!
അപ്പോൾ പുതിയ വർഷത്തിൽ പഴയ ഭാഷയും പറയരുത് പലരും പഴയ ഭാഷ പറയുന്നുണ്ട് അത് നല്ലതായി തോന്നുന്നില്ല, അപ്പോൾ പഴയ സംസാരം പഴയ നടപ്പ് പഴയ ഒരു ശീലത്തോടും നിർബന്ധിതരാകരുത്. ഓരോ കാര്യത്തിലും അവനവനോട് ചോദിക്കണം പുതിയതാണോ! എന്താണ് പുതിയത് ചെയ്തത്? ഇരുപത്തിയൊന്നാം നൂറ്റാണ്ട് ആഘോഷിക്കണം അത്രമാത്രം, 21 ജന്മത്തിന്റെ സമ്പത്ത് സമ്പൂർണ്ണമായി ഇരുപത്തൊന്നാം നൂറ്റാണ്ടിൽ നേടുക തന്നെ വേണം. നേടേണ്ടേ! ശരി
നാനാഭാഗത്തെയും നവയുഗ അധികാരി ശ്രേഷ്ഠ ആത്മാക്കൾക്ക് സർവ്വ കുട്ടികൾക്ക് ആര് ഓരോ ചുവട്ടിൽ കൂടി ശേഖരിക്കുന്ന ആത്മാക്കൾ ആണോ സദാ അവനവനെ ബ്രഹ്മ ബാബയ്ക്ക് സമ്മാനം സർവരുടെയും മുന്നിൽ (മാതൃകയായി ) സാമ്പിൾ ആക്കുന്ന ആത്മാക്കൾ, സദാ സ്വന്തം ജീവിതത്തിൽ ഗുണങ്ങളെ പ്രത്യക്ഷമാക്കി മറ്റുള്ളവരെ ഗുണവാനാക്കുന്ന, സദാ അഖണ്ഡ മഹാദാനി, സദാ സഹയോഗി ആത്മാക്കൾക്ക് സ്നേഹ സ്മരണ, നമസ്തേ.
ഈ സമയം പഴയതിന്റെയും പുതിയ വർഷത്തിന്റെയും സംഗമ സമയമാണ്. സംഗമ സമയം അർത്ഥം പഴയത് സമാപ്തമായി പുതിയത് ആരംഭിച്ചു. പരിധിയില്ലാത്ത സംഗമയുഗത്തിൽ താങ്കൾ എല്ലാ ബ്രാഹ്മണ ആത്മാക്കളും വിശ്വപരിവർത്തനം ചെയ്യുന്നതിന് നിമിത്തമാകുന്നത് പോലെ ഇന്ന് ഈ പഴയതും പുതിയ വർഷത്തിന്റെയും സംഗമത്തിലും സ്വപരിവർത്തനത്തിന്റെ സങ്കല്പം ദൃഢമാക്കിയിട്ടുണ്ട് ചെയ്യുക തന്നെ വേണം. പറഞ്ഞതുപോലെ ഓരോ സെക്കൻഡിലും അചഞ്ചലം അഖണ്ഡ മഹാദാനി ആകണം. ദാതാവിന്റെ കുട്ടികൾ മാസ്റ്റർ ദാതാവാകണം. പഴയ വർഷത്തിന് വിട, ഒപ്പമൊപ്പം പഴയ വർഷത്തിന്റെ ആകർഷണത്തിനും പഴയ സംസ്കാരത്തിന് വിട നൽകി, പുതിയ ശ്രേഷ്ഠ സംസ്കാരത്തിന്റെ ആഹ്വാനം ചെയ്യണം. എല്ലാവർക്കും കോടാനുകോടി മടങ്ങ് ആശംസകൾ ആശംസകൾ ആശംസകൾ.

## വരദാനം :- പ്രാപ്തി സ്വരൂപമായി എന്തുകൊണ്ട് എന്ത് എന്ന ചോദ്യങ്ങൾക്ക് ഉപരി കഴിയുന്ന സദാ പ്രസന്ന ചിത്തരായി ഭവിക്കട്ടെ.

ആരാണോ പ്രാപ്തി സ്വരൂപ സമ്പന്ന ആത്മാക്കൾ അവർക്ക് ഒരിക്കലും ഒരു കാര്യത്തിലും ചോദ്യങ്ങൾ ഉണ്ടാവില്ല. അവരുടെ മുഖത്തും പെരുമാറ്റത്തിലും പ്രസന്നതയുടെ വ്യക്തിത്വം കാണപ്പെടും, ഇതിനെയാണ് സന്തുഷ്ടത എന്ന് പറയുന്നത്. പ്രസന്നത അഥവാ കുറയുന്നുവെങ്കിൽ അതിന്റെ കാരണമാണ് പ്രാപ്തി കുറവ്, പ്രാപ്തി കുറവാകുന്നതിന്റെ കാരണമാണ് എന്തെങ്കിലും എന്തെങ്കിലും ഇച്ഛ, വളരെ സൂക്ഷമ ഇച്ഛകൾ അപ്രാപ്തിയുടെ നേർക്ക് ആകർഷിച്ചു കൊണ്ടുപോകുന്നു, അതിനാൽ അൽപ്പകാലത്തെ ഇച്ഛകളെ വിട്ട് പ്രാപ്തി സ്വരൂപമാകു. എങ്കിൽ സദാ പ്രസന്നചിത്തം ആയിരിക്കും.

## സ്ലോഗൻ:- പരമാത്മ സ്നേഹത്തിൽ അലിഞ്ഞിരിക്കു, എങ്കിൽ മായയുടെ ആകർഷണം സമാപ്തമായിക്കോളും.